## പുളിയഞ്ചേരി യുപി സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26




### ആമുഖം

'വിയൂർ ദേശത്തെയും പരിസരപ്രദേശങ്ങളും അക്ഷരങ്ങളുടെ പ്രകാശവീഥിയിലേക്ക് നയിച്ച പുളിയഞ്ചേരി യു പി സ്കൂൾ 111 വർഷത്തിൽ എത്തി നിൽക്കുന്നു ആയിരങ്ങളെ അറിവിൻറെ മധുരമൂട്ടിയ ഈ വിദ്യാലയത്തിന്റെ ചരിത്രം ആരംഭിക്കുന്നത് ചാത്തപ്പൻ ഗുരുക്കൾ എന്ന മഹത് വ്യക്തിയിൽ നിന്നാണ് 1914 ൽ അദ്ദേഹം സ്ഥാപിച്ച ഏകാധ്യാപക കുടി പള്ളിക്കൂടമാണ് കാല പ്രവാഹത്തിലൂടെ പുളിയഞ്ചേരി യുപി സ്കൂൾ ആയി വളർന്ന് വികസിച്ചത്.ഈ വിദ്യാലയത്തിന്റെ ശതാബ്ദി ആഘോഷം സഫലം ശതം 2014 എന്ന് നാമകരണം ഗ്രാമോത്സവവുമായി ആഘോഷിച്ചു

പ്രശാന്ത സുന്ദരമായ നെല്യാടി പുഴയുടെ തീരത്ത് ഗ്രാമത്തിൻറെ ഭംഗി ഒട്ടും ചോരാതെ പടുത്തുയർത്തിയ ഈ സരസ്വതി ക്ഷേത്രത്തിൻറെ കിഴക്ക് ഭാഗത്ത് വിയ്യൂർ വായനശാലയും പടിഞ്ഞാറ് ഭാഗത്ത് പുളിയഞ്ചേരി പള്ളിയും തെക്ക് ഭാഗത്ത് ശക്തൻകുളങ്ങര അമ്പലവും ഉണ്ട് .പഴമയുടെ ഭംഗി നിലനിർത്തിക്കൊണ്ട് ഹരിതാഭമായ അന്തരീക്ഷത്തിലാണ് ഈ വിദ്യാലയം നിലകൊള്ളുന്നത്.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി അക്കാദമിക പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിനായി ദീർഘകാല കാഴ്ചപ്പാടോടുകൂടിയ വിദ്യാലയ വികസന സമിതി രൂപീകരിച്ചു.യുവജന സംഘടനകൾ കലാസാംസ്കാരിക പ്രവർത്തകർ പൂർവ്വ അധ്യാപക വിദ്യാർത്ഥികൾ വിദ്യാഭ്യാസ പ്രവർത്തകർ സർക്കാർ ഇതര ഏജൻസികൾ എന്നിവർ ഈ വികസന സമിതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഇവിടെ ഒന്നാം ക്ലാസ് മുതൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ പ്രവർത്തിക്കുന്നു ഈ വർഷം 94 ആൺകുട്ടികളും 68 പെൺകുട്ടികളുമാണ് ഉള്ളത് പ്രീ പ്രൈമറിയും പ്രവർത്തിക്കുന്നുണ്ട്.13 അധ്യാപകരും ഒരു ഓഫീസ് അറ്റൻഡറും പ്രീപ്രൈമറിയിൽ രണ്ട് അധ്യാപകരും ഉണ്ട്.

## നാഴിക കല്ലുകൾ

914 ആരംഭിച്ച സ്കൂൾ ഓലമേഞ്ഞ കെട്ടിടമായിരുന്ന കാലക്രമേണ അത് ഓട് മേഞ്ഞതും ഷീറ്റ് ആക്കിയും മാറ്റി ക്ലാസ് മുറികൾ എല്ലാം വൈദ്യുതീകരിച്ചു സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഒന്നിച്ചിരിക്കാവുന്ന ഓഡിറ്റോറിയവും ഉണ്ട് ശാസ്ത്ര ഗണിതശാസ്ത്ര ഉപകരണങ്ങൾ എൽസിഡി പ്രൊജക്ടറുകൾ എന്നിവ സ്കൂളിൽ ഉണ്ട്.ശാസ്ത്രോപകരണങ്ങൾ മികച്ച രീതിയിൽ സജ്ജീകരിച്ച ശാസ്ത്ര ലാബും, എൽസിഡി പ്രൊജക്ടറുകളും ഡിജിറ്റൽ ബോർഡുകളും ഉപയോഗിച്ചാണ് ക്ലാസ് കൈകാര്യം ചെയ്യുന്നത് സ്വന്തമായി സൗണ്ട് സിസ്റ്റം ഉണ്ട് പഠനത്തിൽ ഐസിടി സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു.

വായനയുടെ വാതായനങ്ങൾ തുറന്ന് നൽകാൻ ഉതകുന്ന മികച്ച ലൈബ്രറി ഉണ്ട് പഠന പിന്തുണ നൽകാൻ ആവശ്യമായ വ്യത്യസ്ത തരത്തിലുള്ള പുസ്തക ശേഖരണവും മികച്ച രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട് .ശ്രീമതി അനിത ടീച്ചർ ഈ ലൈബ്രറിയിലേക്ക് 20000 രൂപയുടെ പുസ്തകങ്ങൾ ലൈബ്രറിയുടെ പോഷണത്തിനായി സംഭാവനകൾ നൽകി. പുസ്തക സമാഹരണത്തിലൂടെ ക്ലാസ് ലൈബ്രറി സജ്ജമാക്കിയിട്ടുണ്ട്.ഐടി അധിഷ്ഠിത പഠന പ്രവർത്തനങ്ങൾക്ക് സഹായകരമായ കൈത്തുപകരണങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന കമ്പ്യൂട്ടർ ലാബും സ്മാർട്ട് ക്ലാസ്സ് റൂമും ഉണ്ട് ക്ലാസ് റൂം ഡിജിറ്റൽ വൽക്കരിക്കുന്നതിന്റെ ഭാഗമായി പൂർവ്വ അധ്യാപികയായ ജാനകി ടീച്ചറുടെ വക എൽപി ക്ലാസുകൾക്ക് സ്മാർട്ട് ടിവിയും പൂർവ്വ അധ്യാപകനായ അബൂബക്കർ മാസ്റ്റർ എല്ലാ ക്ലാസ് മുറികളിലേക്കും വൈറ്റ് ബോർഡ് നൽകിക്കൊണ്ട് പഠന നിലവാരം രസകരമാക്കാൻ സാധിച്ചു.

സ്പോർട്സ് ക്ലബ് കൺവീനറായ റഷീദ് മാസ്റ്ററും കോച്ച് റാഷിദിന്റെയും നേതൃത്വത്തിൽ മികച്ച ഫുട്ബോൾ ടീം നമ്മുടെ സ്കൂളിലുണ്ട് ടൂർണമെന്റുകളിൽ കുട്ടികളെ പങ്കെടുപ്പിക്കാറുണ്ട് ടീം മികച്ച വിജയം കൈവരിക്കാറുണ്ട്.ആഴ്ചയിൽ 4 ദിവസവും രാവിലെ 7 മണി മുതൽ 9 മണി മണി വരെയും വൈകുന്നേരം 4 മുതൽ 6 മണി വരെയും സ്കൂൾ ഗ്രൗണ്ടിൽ ഫുട്ബോൾ കോച്ചിംഗ് നടത്താറുണ്ട്.

## പരിമിതികൾ

ഇൻറർനെറ്റ് ബ്രോഡ്ബാൻഡ് സൗകര്യക്കുറവ്.മാനേജർ ഇല്ലാത്തതുമൂലം സ്കൂൾ കെട്ടിടം പഴക്കം ചെന്നത് 'എല്ലാവർഷവും അധ്യാപകർ തന്നെയാണ് മെയിൻറനൻസ് വർക്ക് ചെയ്യുന്നത് മുഴുവൻ കുട്ടികൾക്കും ഒരുമിച്ച് ഭക്ഷണം കഴിക്കാനുള്ള ഡൈനിങ് റൂം ഇല്ല.

## ലക്ഷ്യങ്ങൾ

1-സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഓരോ ക്ലാസിലും കുട്ടി ആർജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക

2-കൈത്താങ്ങ് എന്ന പേരിൽ ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവരെ മുന്നോട്ടു കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾ

3-കാർഷിക സംസ്കാരം പുതുതലമുറയിൽ വളർത്തിയെടുക്കുക

## <u>പുളിയഞ്ചേരി യുപി സ്കൂൾഅറബിക് അക്കാദമിക മാസ്റ്റർ പ്ലാൻ **2025 - 26** അറബി</u>

ലക്ഷ്യം

ഭാഷയിൽ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിപോഷണ പരിപാടി

I പ്രവർത്തനം

Pree test നടത്തുക.പിന്നോക്കക്കാരെ കണ്ടെത്തുക.അക്ഷരങ്ങൾ ഗെയിമിന്റെ സഹായത്തോടെ പരിചയപ്പെടുത്തുക.അറബിക് മധുരം ക്ലാസ്സ് സംഘടിപ്പിക്കുക
.രണ്ടുമാസം കൊണ്ട് ലക്ഷ്യം പൂർത്തിയാക്കുക
പുസ്തകങ്ങൾ കമ്പ്യൂട്ടറുകൾ എന്നിവ ഉപയോഗപ്പെടുത്തുക

II വായന ലോകം

ലക്ഷ്യം

നല്ല വായനയ്ക്കായി കുട്ടികളെ വായനാ ലോകത്തേക്ക് കൊണ്ടുവരൽ

പ്രവർത്തനങ്ങൾ

ഇപ്പൊ ലളിതമായ അറബിക് പുസ്തകം
കവിതകൾ കഥകൾ പ്രശ്നോത്തരി

ക്ലാസ് വായന

ക്ലാസിൽ പാഠപുസ്തകം ഉറക്കെ വായിക്കുക പ്രധാന വാക്കുകൾ എഴുതുകയും കളർ ചെയ്യുക ക്ലാസിൽ പ്രദർശിപ്പിക്കുക

കാലയളവ്

ആറുമാസം

പിന്തുണ തേടൽ

അറബിക് ടീച്ചേഴ്സ്,റിട്ടയേർഡ് ടീച്ചേഴ്സ്,പുസ്തകം സ്പോൺസർ ചെയ്യൽ

||| ആസ്വാദന ലോകം

ലക്ഷ്യം
സർഗ്ഗ വായന പരിപോഷിപ്പിക്കൽ

പ്രവർത്തനം

പാടാനും പറയാനും കഴിവുള്ള മികച്ച പ്രതിഭകളെ കണ്ടെത്തൽ
ആസ്വാദന സഭകൾ സംഘടിപ്പിക്കുക
കാലം ആറുമാസം

കമ്പ്യൂട്ടർ ലാംഗ്വേജ് ലാബ് ഉപയോഗപ്പെടുത്തൽ

| V അനുഭവ ലോകം

പ്രവർത്തനം

ഭാഷ ലാബ് ഉപയോഗിക്കുക
കേൾക്കാനും പറയാനും അവസരം സൃഷ്ടിക്കുക

V ദിനാചരണങ്ങൾ

ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുക സന്ദേശം നൽകുക

## <u>പുളിയഞ്ചേരി യുപി സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ ഹിന്ദി **2025- 26**</u>

ലക്ഷ്യം

1 യുപിതലത്തിൽ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ

പ്രവർത്തനം

അക്ഷരം എഴുത്ത്
ചിന്നം ഉറപ്പിക്കൽ
അക്ഷരകാർഡ്
ക്ലാസിൽ അക്ഷരമാല പ്രദർശനം
ഓൺലൈൻ അക്ഷരമാല കളികൾ
വാക്കുകൾ എഴുതിയ കാർഡുകൾ
വാക്യങ്ങളുടെ നിർമ്മാണം

2 വീട് ഒരു പരീക്ഷണശാല

കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക

വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക

ഐസിടി സാധ്യതയിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള വാസന

3 ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനും ഉള്ള അവസരം(സുരേലി ഹിന്ദി)

ഹിന്ദി അസംബ്ലി
ദിനാചരണങ്ങൾ
ക്ലാസ് ലൈബ്രറി
അധികവായന സാമഗ്രികൾ
ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ
ചിത്രം അടിക്കുറിപ്പ്
ചിത്രം കഥ പറയൽ
കഥ ബാക്കിയെഴുതൽ
വായനാ മൂല

## പുളിയഞ്ചേരി യു പി സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം 2025 26

ലക്ഷ്യം

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

പ്രവർത്തനങ്ങൾ

അക്ഷരം ഉറപ്പിക്കാൻ ,ചിഹ്നം ഉറപ്പിക്കാൻ , വാക്ക് എഴുതിയ കാർഡ്,ചിത്രം അടിക്കുറിപ്പ്

പ്രത്യേക ക്ലാസ്സ്

വായന കൂട്ടം

പ്രവർത്തനം

ക്ലാസ് വായന കൂട്ടം രൂപീകരണം
ക്ലാസ് ലൈബ്രറി വായനാ മൂല
സ്കൂൾ ലൈബ്രറി നവീകരണം
സമീപ ഗ്രന്ഥശാല അംഗത്വം
പത്രവായന ,അമ്മ വായന ,വായനക്കുറിപ്പ്

## പുളിയഞ്ചേരി യുപി സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ 2025 26 ഗണിതം

ലക്ഷ്യം

അടിസ്ഥാന ഗണിത പ്രക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുക

പ്രവർത്തനം

1- ഗണിത ശില്പശാല- കളികളിലൂടെ ക്രിയകൾ ഉറപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നൽകുന്നു (കാർഡ് ,മുത്തുകൾ ,മഞ്ചാടി)

2 -രസകരമായ ഗണിതശാസ്ത്ര പഠനവും കര ചലനശേഷികളുടെ വികാസവും

ഒറിഗാമി ശില്പശാല-ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ

പ്രദർശനം

3-ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ

വിദ്യാലയങ്ങളിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൾ. ലാബിൽ വെച്ച് ഗണിത ക്ലാസ് നൽകൽ

# പുളിയഞ്ചേരി യുപി സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ 2025 26 അടിസ്ഥാന ശാസ്ത്രം

ലക്ഷ്യം

1 ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ

പ്രവർത്തനം -ജൈവവൈവിധ്യ തോട്ടം,ഔഷധ തോട്ടം,പച്ചക്കറി തോട്ടം,ശലഭോ ധ്യാനം, എന്നിവ നിർമിക്കൽ സന്ദർശിക്കൽ

പരീക്ഷണ കളരി -നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്ന പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു

2 -ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക

പ്രവർത്തനം -ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു

ശാസ്ത്ര ബോർഡ്

ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ബോർഡ് പ്രദർശിപ്പിക്കുന്നു

പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു

ഇലക്ട്രോണിക് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം

വിസ്മയ യാത്ര

ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കാൻ പ്ലാനറ്റോറിയം,ജൈവ വൈവിധ്യ പാർക്ക് എന്നിവ സന്ദർശിക്കൽ

ഐസിടി സാധ്യത

ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുക

ലാബ് ഉപകരണങ്ങൾ ഓരോ കുട്ടിക്കും ഉപയോഗിക്കുന്ന തരത്തിൽ എത്തിക്കുക

## പുളിയഞ്ചേരി യുപി സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ 2025 26 സാമൂഹ്യ ശാസ്ത്രം

ലക്ഷ്യം

സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ,ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ

പ്രവർത്തനങ്ങൾ -ഓർമ്മച്ചെപ്പ്

1 - അന്തർദേശീയ തല മുതൽ ജില്ലാതല വരെയുള്ള നദികൾ,ഭൂപ്രകൃതി,തലസ്ഥാനങ്ങൾ,വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐസിടി സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു

2- പഠിതാക്കളെ ചരിത്ര ബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക

വെർച്ചൽ ഫീൽഡ് ട്രിപ്പ്

ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്ര ബോധം വളർത്തുന്നു

ചരിത്ര സ്മാരകങ്ങൾ,ചരിത്രശേഷിപ്പുകൾ സന്ദർശിച്ച് കുറിപ്പുകൾ തയ്യാറാക്കുക.സോഷ്യൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ 5 6 7 ക്ലാസുകളിലെ സാമൂഹ്യ പ്രസക്തിയുള്ള വിഷയങ്ങൾ മുൻകൂട്ടി നൽകി സെമിനാർ നടത്തുന്നു

3- ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക

വിദ്യാലയത്തിൽ നിന്നും അരങ്ങിലേക്ക് -ഗ്രാമസഭ,വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു.സ്കൂൾ ജനാധിപത്യ വേദി ശക്തിപ്പെടുത്താൻ ജനാധിപത്യ രീതിയിലുള്ള തെരഞ്ഞെടുപ്പ് ക്ലാസ് തല സഭകൾ

4- കുട്ടികളുടെ പൊതുവിജ്ഞാന ശേഷി വർദ്ധിപ്പിക്കാൻ

ക്വിസ് -പത്ര ക്വിസ് ഓരോ ആഴ്ചയിലും ,ചരിത്ര ക്വിസ് പൊതുവിജ്ഞാന ക്വിസ്

## പുളിഞ്ചേരി യുപി സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ 2025 26 ഇംഗ്ലീഷ്

ലക്ഷ്യം

എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് അനായാസം കൈകാര്യം ചെയ്യാനുള്ള ശേഷി വർദ്ധിപ്പിക്കുക

പ്രവർത്തനങ്ങൾ

1- Story time
2- Reading card daily
3- Sentence card reading
4- A word a day
5 -English diary
6- Speech
7 - English assembly
8- Role play drama
9 - News reading
10-English magazine
11 -English feast

## <u>പുളിഞ്ചേരി യുപി സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ 2025 26 സംസ്കൃതം / ഉറുദു</u>

കുട്ടികളുടെ മികവുകൾ പരിമിതികൾ എന്നിവ പ്രീടെസ്റ്റ് ചെയ്ത് CPTA യിൽ അവതരിപ്പിക്കൽ

അക്ഷരങ്ങളിലൂടെയും ചിഹ്നങ്ങളിലൂടെയും വാക്യങ്ങളിൽ എത്തിച്ചേരാനുള്ള മികച്ച പ്രവർത്തനങ്ങൾ നൽകുന്നു

വേഡ് പസിൽ

ചിത്രങ്ങൾ ആസ്പദമാക്കിയുള്ള സംഭാഷണം രൂപപ്പെടുത്തൽ

സർഗാത്മഗത വളർത്തൽ